# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:89 08.01.2014 – ൽ മറുപടിക്ക്

## ജല അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജല അതോറിറ്റി യുടെ ആഭിമുഖ്യത്തിൽ കുപ്പിവെള്ളനിർമ്മാണ യുണിറ്റുകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാ ക്കുമോ ; | (എ) & (ബി) | ഉണ്ട്. കേരള ജല അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ കുപ്പിവെള്ള യൂണിറ്റ് തുടങ്ങുന്നതിന് പദ്ധതി രൂപികരിച്ചിരുന്നു. ഇതനുസരിച്ച് അരുവിക്കരയിൽ മണിക്കൂറിൽ 7500 ലിറ്റർ കുപ്പിവെള്ളം നിർമ്മിക്കാൻ ശേഷിയുള്ള ഒരു നിർമ്മാണശാല തുടങ്ങുന്നതിന് 2008-ൽ ഭരണാനുമതി നൽകുകയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കുടിവെള്ള നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം മണിക്കൂറിൽ 9000 ലിറ്റർ ജലം നിറച്ച കുപ്പികൾ ഉത്പാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശ ങ്ങൾ എന്തെല്ലാമാണ്; | | |

2

| | | | |
|---|---|---|---|
| (സി) | ഏത് മേഖലയിലാണ് ഇത്തരം യൂണിറ്റുകൾ ആരംഭിക്കുന്നത്; വിശദമാക്കുമോ ; | (സി) | സർക്കാർ മേഖലയിലാണ് ഇത്തരം യൂണിറ്റുകൾ ആരംഭിക്കുന്നത് |
| (ഡി) | കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള കുടിവെള്ളം വിതരണം ചെയ്യാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തി രിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ? | (ഡി) | ഏറ്റവും മികച്ച സാങ്കേതിക വിദ്യയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൻ പ്രകാരം ഗുണമേന്മയുള്ള കുടിവെള്ളം മിതമായ നിരക്കിൽ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ